# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2992 20.03.2015 - ൽ മറുപടിക്ക്

## കാക്കത്തുരുത്ത് ദ്വീപിലേയ്ക്കുള്ള പാലം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എം. ആരിഫ് : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതു മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) അരൂർ മണ്ഡലത്തിലെ കാക്കത്തുരുത്ത് ദ്വീപിലേയ്ക്കുള്ള പാലം നിർമ്മാണം എന്നാണ് ആരംഭിച്ചത് ; | (എ) 03.11.2009 - ൽ ആണ് നിർമ്മാണം ആരംഭിച്ചത്. |
| (ബി) അപ്രോച്ച് റോഡിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് പൂർത്തിയാകാത്തതിനാൽ നിർമ്മാണ പ്രവർത്തനം എന്നാണ് മുടങ്ങിയത് ; അപ്രോച്ച് റോഡിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; | (ബി) അപ്രോച്ച് റോഡിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് പൂർത്തിയാകാത്തതിനാൽ നിർമ്മാണ പ്രവർത്തനം 09/2012 - ൽ ആണ് മുടങ്ങിയത്. 16.09.2014 - ലെ സ. ഉ. (സാധാ) നമ്പർ 4430/14/റവ. പ്രകാരം നെഗോഷ്യേറ്റഡ് പർച്ചേസിനുള്ള (Negotiated Purchase) അനുമതി നൽകിയിട്ടുണ്ട്. |
| (സി) ആലപ്പുഴ കളക്ട്രേറ്റിൽ ഉണ്ടായ ഒത്തുതീർപ്പ് പ്രകാരം സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാകേണ്ട സമയം കഴിഞ്ഞിരിക്കുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

(ഡി) നിർമ്മാണം മുടങ്ങിയതു മൂലം കോൺട്രാക്ടർക്ക് ഉണ്ടായ നഷ്ടം പരിഹരിക്കുന്നതിനായി തിരുവനന്തപുരത്തും ആലപ്പുഴയിലും ചേർന്ന യോഗങ്ങളിലെ തീരുമാനപ്രകാരമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് കിട്ടിയോ, ആയതിന് എ. എസ് നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് ; അടിയന്തിരമായി എ. എസ് ലഭ്യമാക്കുമോ ?

(ഡി) ചീഫ് എഞ്ചിനീയർ 3.73 കോടി രൂപയ്ക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ